കേരള കലാമണ്ഡലം കൽപിത സർവകലാശാല
വള്ളത്തോൾ നഗർ

**പുനർലേലം കം ടെണ്ടർ പരസ്യം**

തീയതി: 05-08-2019

നം: കെ.കെ.എം.ഡി.യു/ഡി-1/2126/2018

കേരള കലാമണ്ഡലം കല്പിത സർവകലാശാലയുടെ ഉടമസ്ഥതയിലുള്ള KL 48 B 9058 Ford Fiesta Car നിലവിലുള്ള അവസ്ഥയിലും, സ്ഥിതിയിലും ലേലം കം ടെണ്ടർ അടിസ്ഥാനത്തിൽ വിൽപ്പന നടത്തുന്നതിന് താൽപ്പര്യമുള്ളവരിൽ നിന്നും ടെണ്ടറുകൾ ക്ഷണിക്കുന്നു. പൂരിപ്പിച്ചതും മുദ്ര വെച്ചതുമായ ടെണ്ടറുകൾ 14/08/2019 ന് ഉച്ചതിരിഞ്ഞ് 3.00 മണി വരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതും അന്നേ ദിവസം ഉച്ചതിരിഞ്ഞ് 3.30 ന് ലേലം നടത്തുന്നതും അപ്പോൾ ഹാജരുള്ള ലേലക്കാരുടെ സാന്നിധ്യത്തിൽ ടെണ്ടറുകൾ തുറക്കുന്നതും, ലേല-ടെണ്ടറുകളിൽ കൂടുതൽ തുക വാഗ്ദാനം ചെയ്തവരുടെ പേരിൽ ലേലം-ടെണ്ടർ താൽക്കാലികമായി ഉറപ്പിക്കുന്നതും 7 ദിവസത്തിനുശേഷം ലേലം അന്തിമമായി ഉറപ്പിക്കുന്നതുമാണ്.

ടെണ്ടർ ഫോറത്തിന്റെ കൂടെ നിശ്ചിത നിരതദ്രവ്യം, രജിസ്ട്രാർ, കേരള കലാമണ്ഡലം എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചെറുതുരുത്തി (തൃശൂർ ജില്ല) ശാഖയിൽ (ശാഖാ കോഡ് 070971) മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി ഉള്ളടക്കം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം ടെണ്ടർ നിരസിക്കുന്നതാണ്. ടെണ്ടർ സമർപ്പിക്കാതെ ലേലത്തിൽ മാത്രം പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിശ്ചിത നിരതദ്രവ്യം പണമായി ഒടുക്കി ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ടെണ്ടർ-ലേലം സംബന്ധിച്ച് നിലവിലുള്ള എല്ലാ സർക്കാർ ഉത്തരവുകളും ഈ ലേലത്തിന് ബാധകമായിരിക്കും. ലേലം-ടെണ്ടർ ദിവസം അവധി വന്നാൽ ലേലം അടുത്ത പ്രവൃത്തിദിവസം അതേ സ്ഥലത്തും സമയത്തും നടത്തുന്നതാണ്.

പട്ടിക

| ക്രമ നം. | വാഹനത്തിന്റെ വിവരം | ടെണ്ടർ ഫോറത്തിന്റെ വില | നിരതദ്രവ്യം | വാഹനം സൂക്ഷിച്ചിരിക്കുന്ന സ്ഥലം |
|---|---|---|---|---|
| 1 | KL 48 B 9058 Ford Fiesta Car | 575 (incl. GST) | 2800/- | കേരള കലാമണ്ഡലം |

രജിസ്ട്രാർ
കേരള കലാമണ്ഡലം

കോപ്പി ടു:

1. നോട്ടീസ് ബോർഡ്, കേരള കലാമണ്ഡലം
2. നോട്ടീസ് ബോർഡ്, വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത്
3. നോട്ടീസ് ബോർഡ്, വള്ളത്തോൾ നഗർ വില്ലേജ് ഓഫീസ്
4. കേരള കലാമണ്ഡലം വെബ്സൈറ്റ്.

Scanned by CamScanner